LIBRARY ARCHIVES Kerala Legislative Assembly

എയർ ഇന്ത്യാ എക്സ്പ്രസ്സിന്റെ കേരളത്തിൽ നിന്നുള്ള സർവ്വീസുകൾ

60 (116) ശ്രീ. കെ. ബാബു :
ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയർ ഇൻഡ്യാ എക്സ്പ്രസ്സിന്റെ എത്ര വിമാനങ്ങളാണ് ഇപ്പോൾ കേരളത്തിൽ നിന്നും സർവ്വീസ് നടത്തുന്നത് ;

(ബി) സംസ്ഥാനത്തുനിന്നും ഏതൊക്കെ സെക്ടറുകളിലേക്കാണ് എയർ ഇൻഡ്യാ എക്സ്പ്രസ്സ് സർവ്വീസ് നടത്തുന്നത് ;

(സി) ഇനിയും സംസ്ഥാനത്തു നിന്നും കൂടുതൽ സർവ്വീസ് നടത്തണമെന്ന ആവശ്യം ഉന്നയിച്ചിട്ടുണ്ടോ ;

(ഡി) എയർ ഇന്ത്യാ എക്സ്പ്രസ്സിന്റെ കൂടുതൽ സർവ്വീസുകളും കേരളത്തിൽ നിന്നുമാണ് നടത്തുന്നത് എന്ന വസ്തുത പരിഗണിച്ച് ഇതിന്റെ ആസ്ഥാനം കേരളത്തിൽ ആയിരിക്കണമെന്ന ആവശ്യം അംഗീകരിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇതിനായി ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കേരളത്തിൽനിന്നും എയർ ഇന്ത്യാ എക്സ്പ്രസ്സ് 83 സർവ്വീസുകൾ ആഴ്ചതോറും നടത്തുന്നുണ്ട്.

(ബി) കേരളത്തിനുള്ളിൽ നടത്തുന്ന സർവ്വീസിനു പുറമേ ദുബായ്, അബുദാബി, മസ്ക്കറ്റ്, ഷാർജ, സലാല, കുവൈറ്റ്, മുംബൈ, ചെന്നൈ, മംഗലാപുരം എന്നിവിടങ്ങളിലേക്കാണ് എയർ ഇന്ത്യാ എക്സ്പ്രസ്സ് സർവ്വീസ് നടത്തുന്നത്.

(സി) ഉണ്ട്.

(ഡി&ഇ) കൊച്ചിയിലേക്കും തിരുവനന്തപുരത്തേക്കും എയർ ഇൻഡ്യാ എക്സ്പ്രസിന്റെ ആസ്ഥാനം മാറ്റുവാൻ സാദ്ധ്യതയുണ്ടെന്നും ആ ദിശയിൽ നടപടികൾ എയർ ഇൻഡ്യാ എക്സ്പ്രസ്സ് സ്വീകരിച്ചുവരുന്നു. എന്നും അറിയുവാൻ കഴിഞ്ഞിട്ടുണ്ട്.

തിരുവനന്തപുരം അന്തർദേശീയ വിമാന ടെർമിനൽ

61 (117) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്തെ അന്തർദേശീയ വിമാന ടെർമിനലിന്റെ പണി പൂർത്തിയായോ ;

(ബി) ഇതിന്റെ ഔപചാരികമായ ഉദ്ഘാടനം എന്നത്തേക്കാണ് നടത്തുവാൻ ഉദ്ദേശിക്കുന്നത് ;

(സി) ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരുമായി എന്തെല്ലാം കത്തിടപാടുകൾ നടന്നു ; അവയുടെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) ഉദ്ഘാടനം സംബന്ധിച്ച് ഏതെല്ലാം തടസ്സങ്ങളാണ് നിലവിലുള്ളതെന്നും ഇത് പരിഹരിക്കാൻ സർക്കാർ നാളിതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്നും അറിയിക്കുമോ ;

(ഇ) തടസ്സങ്ങൾ പരിഹരിച്ച് ഇത് അന്തർദേശീയ യാത്രക്കാർക്ക് തുറന്നു കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പൂർത്തിയായി

(ബി) ബഹുമാനപ്പെട്ട ഇൻഡ്യൻ പ്രധാനമന്ത്രി താമസംവിനാ പുതിയ ടെർമിനൽ ഉത്ഘാടനം ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പ്രധാനമന്ത്രിതന്നെ ഉദ്ഘാടനത്തിന് വരണമെന്ന് മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്.

(ഡി) വിമാനത്താവള വികസന പദ്ധതികൾ അവലോകനം ചെയ്യാൻ ഈ കഴിഞ്ഞ 14-12-2010-ന് ബഹു. നിയമ പി.ഡബ്ല്യു.ഡി. മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പുതിയ ടെർമിനലിന്റെ ഉത്ഘാടനം ഉടൻ തന്നെ നടക്കുമെന്നാണ് എയർപോർട്ട് ഡയറക്ടർ അറിയിച്ചിട്ടുള്ളത്. ഉത്ഘാടനം സംബന്ധിച്ച എന്തെങ്കിലും തടസ്സങ്ങൾ ഉള്ളതായി അറിയിച്ചിട്ടില്ല. ബഹു. പ്രധാനമന്ത്രിയെ കൊണ്ടുതന്നെ ഉത്ഘാടനം ചെയ്യിക്കാൻ ശ്രമിക്കുന്നതായിട്ടാണ് അറിയുന്നത്. എന്തായാലും കാലതാമസം കൂടാതെ ടെർമിനൽ പ്രവർത്തനം ആരംഭിക്കുമെന്നാണ് അറിയുന്നത്.

(ഇ) സംസ്ഥാന സർക്കാരിന്റെ ഭാഗത്ത്നിന്നും ഇതിനായി എല്ലാ സഹായങ്ങളും എയർപോർട്ട് അതോറിറ്റിക്ക് നൽകുന്നുണ്ട്.

കണ്ണൂർ വിമാനത്താവള നിർമ്മാണ പ്രവർത്തനം

62 (118) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം കണ്ണൂർ വിമാനത്താവളവുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ബി) കണ്ണൂർ വിമാനത്താവളത്തിൽ ഇനി എന്തെല്ലാം പ്രവൃത്തികളാണ് അടിയന്തരമായി നടത്താൻ ഉദ്ദേശിക്കുന്നത് ;

(സി) വിമാനത്താവള നിർമ്മാണ പ്രവർത്തനം ഏത് ഏജൻസിയാണ് നിർവ്വഹിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly